# അക്ഷരവൃക്ഷം. - ഹെൽപ് ഫയൽ

അക്ഷരവൃക്ഷം പദ്ധതിപ്രാകാരം കുട്ടികളുടെ സർഗാത്മക രചനകൾ സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും പ്രവർത്തന ക്രമവും താഴെ കൊടുക്കുന്നു.

- മലയാളഭാഷയിലുള്ള രചനകൾ മാത്രമാണ് സ്വീകാര്യം.
- ഒരു കുട്ടിയുടെ ഒരു രചനമാത്രമേ അപ്‌ലോഡ് ചെയ്യാവൂ.
- കഥ, കവിത, ലേഖനം എന്നീ സൃഷ്ടികളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. ഇവ നിർദ്ദിഷ്ട താളുകളിൽ മലയാളത്തിൽ ടൈപ്പ് ചെയ്ത് ചേർക്കുകയാണ് വേണ്ടത്. ചിത്രങ്ങളോ പി.ഡി.എഫ് ഫയലുകളോ അപ്‌ലോഡ് ചെയ്യേണ്ടതില്ല.
- ഓരോ സൃഷ്ടിയും അതത് സ്കൂളിന്റെ അക്ഷരവൃക്ഷം താളിന്റെ ഉപതാൾ ആയിട്ടാണ് ചേർക്കേണ്ടത്.
- ചിത്രം, കാർട്ടൂൺ, വീഡിയോ, ഓഡിയോ തുടങ്ങിയ മൾട്ടിമീഡിയ വിഭവങ്ങളോ രചയിതാക്കളുടെ ഫോട്ടോയോ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യേണ്ടതില്ല.
- രചയിതാക്കളുടെ ഫോട്ടോയും അപ്‌ലോഡ് ചെയ്യരുത്.
- നിർദ്ദേശങ്ങൾ പാലിക്കാതെ അപ്‌ലോഡ് ചെയ്യുന്ന സൃഷ്ടികളും താളുകളും നീക്കം ചെയ്യുന്നതാണ്. അഡ്മിൻമാരുടെ നിർദേശാനുസരണം വീണ്ടും ഇവ ചേർക്കാവുന്നതാണ്.
- രചനകൾ സംബന്ധിച്ച അഭിപ്രായങ്ങൾ അക്ഷരമുറ്റം താളിന്റെ സംവാദം താളിൽ ചേർക്കാവുന്നതാണ്.

## പ്രവർത്തനക്രമം.

1. **സ്കൂൾവിക്കിയിൽ ലോഗിൻ ചെയ്യുക.**
   - തുടർന്ന് സ്കൂളിന്റെ പേജ് തുറക്കുക.
2. **അക്ഷരവൃക്ഷം എന്ന താൾ ഉണ്ടാക്കാം**
   - സ്കൂൾതാളിൽ ഇൻഫോബോക്സിനുതാഴെ (ഹൈസ്കൂൾ വിഭാഗത്തിന് ക്ലബ്ബുകൾ എന്ന പെട്ടിയിൽ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന് ചുവടെയും പ്രൈമറിക്ക് ഇൻഫോക്സിന് തൊട്ടുതാഴെ പ്രത്യേകമായിട്ടും) അക്ഷരവൃക്ഷം എന്ന താൾ നിർമ്മിക്കാനുള്ള ലിങ്ക് നൽകിയിട്ടുണ്ട്.







ഈ ലിങ്കിൽ ക്ലിക്ക് ചെയ്യാൽ താൾ നിർമ്മിക്കാനുള്ള ജാലകം തുറന്നുവരും.

അക്ഷരവൃക്ഷം പദ്ധതി പ്രകാരം സ്കൂൾവിക്കിയിൽ രചനകൾ ചേർക്കുന്നതിനാവശ്യമായ മുഴുവൻ വിശദാംശങ്ങൾക്കും സാങ്കേതിക സഹായങ്ങൾക്കും സഹായം താൾ കാണുക




- താളിലേക്ക് ആവശ്യമായ ഉള്ളടക്കം നൽകി പ്രസിദ്ധീകരിക്കുക എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് താൾ സേവ് ചെയ്യുക.

3. **അക്ഷരവൃക്ഷം താളിലെ ഉള്ളടക്കം**
   - എന്തൊക്കെ കാര്യങ്ങളാണ് ഈ താളിൽ ഉൾക്കൊള്ളിക്കേണ്ടത്?
   - ***സ്കൂൾ/ അക്ഷരവൃക്ഷം*** എന്ന ഈ താളിൽ കുട്ടികളുടെ കഥ, കവിത, ലേഖനം എന്നിവയുടെ പേര് മാത്രമേ ചേർക്കേണ്ടതുള്ളൂ. ഈ പേരിൽ ക്ലിക്ക് ചെയ്താൽ പ്രസ്തുത രചനകളുടെ താളുകൾ തുറന്നുവരുന്നു.
   - സ്കൂളിലെ കുട്ടികളുടെ എല്ലാ രചനകളും ഈ താളിന്റെ (സ്കൂൾ/അക്ഷരവൃക്ഷം) ഉപതാളായിരിക്കണം.
   - ഇങ്ങനെ ഉപതാളുകളായി രചനകൾ ക്രമീകരിക്കുന്നതിന്, സഹായം താളിൽ നൽകിയിരിക്കുന്ന PAGENAME എന്ന ഫലകം (Template) പകർത്തി ഈ താളിൽ ചേർക്കുക. ആവശ്യമായ വിവരങ്ങൾ (കഥ, കവിത ലേഖനം എന്നിവയുടെ പേര്) കൂട്ടിച്ചേർത്ത് സേവ് ചെയ്യുക. മാതൃക - [[{{PAGENAME}}/കവിതയുടെപേര്|കവിതയുടെപേര്]] ഉദാഹരണത്തിന്, അമ്മ എന്നാണ് കവിതയുടെ പേര് എങ്കിൽ, [[{{PAGENAME}}/അമ്മ|അമ്മ]] എന്ന് ചേർക്കുക. ഇതുപോലെ മുഴുവൻ രചനകളുടെയും പേര് പ്രത്യേകം ചേർക്കുക.
   - ഇതോടെ, നൽകിയ കവിതയുടെയോ കഥയുടെയോ ലിങ്കോടുകൂടിയ താൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞു.

   കൂടുതൽ വിശദാംശങ്ങൾക്ക് സഹായം താൾ കാണുക

4. **രചനകൾ ചേർക്കാം**
   - കഥ/കവിതയുടെ ലിങ്കിൽ ക്ലിക്ക് ചെയ്യുക. പുതിയ താൾ സൃഷ്ടിക്കാനുള്ള ജാലകം തുറന്നുവരും.
   - ഈ പേജിൽ BoxTop1, BoxBottom1 എന്നീ രണ്ട് ഫലകങ്ങളാണ് ഉപയോഗിക്കേണ്ടത്.
   - സഹായം താളിൽ നിന്നും ഇവ പകർത്തി സമചിഹ്നത്തിനുശേഷം ആവശ്യമായ വിവരങ്ങൾ ചേർക്കുക. Color എന്നിടത്ത് 1 മുതൽ 5 വരെയുള്ള ഏതെങ്കിലും സംഖ്യ നൽകിയാൽ മതി. ഇതുവഴി ഫലകങ്ങൾക്ക് അഞ്ച് വ്യത്യസ്ത നിറങ്ങൾ നലകാൻ പറ്റും.

```
{{BoxTop1
| തലക്കെട്ട്=
| color=
}}
```

```
{{BoxBottom1
| പേര്=
| ക്ലാസ്സ്=
| പദ്ധതി= അക്ഷരവൃക്ഷം
| വർഷം=2020
| സ്കൂൾ=
| സ്കൂൾ കോഡ്=
| ഉപജില്ല=
| ജില്ല=
| color=
}}
```

- ഈ രണ്ട് ഫലകങ്ങൾക്കിടയിലാണ് കുട്ടികളുടെ രചനകൾ ചേർക്കേണ്ടത്. ആദ്യം BoxTop1 ഫലകം ചേർക്കുക. രചനയുടെ തലക്കെട്ട് നൽകുക. അതിനുശേഷം രചന (കഥ/കവിത/ലേഖന ചേർക്കുക. തുടർന്ന് BoxBottom1 എന്ന ഫലകം ചേർത്ത് കുട്ടിയുടെ വിശദാംശങ്ങൾ നൽകുക.
- താൾ സേവ് ചെയ്യുക.
- ഈ മാതൃകയിൽ മറ്റ് രചനകളും ചേർക്കുക.

# അക്ഷരവൃക്ഷം

## ജില്ലാ ഹെൽപ് ഡെസ്ക് നമ്പരുകൾ

| | |
|---|---|
| ആലപ്പുഴ | 9400078888, 9496828002 |
| എറണാകുളം | 9447138494, 9995358781 |
| ഇടുക്കി | 9400359040, 9544359907 |
| കണ്ണൂർ | 9447683419, 9388207787 |
| കാസർഗോഡ് | 9745250022, 8289880321 |
| കൊല്ലം | 8921616477, 9447966656, 9447560350 |
| കോട്ടയം | 9447359138, 8848601958 |
| കോഴിക്കോട് | 9745573774, 9446693160 |
| മലപ്പുറം | 9562650081, 9567399072 |
| പാലക്കാട് | 9745618816, 9446789875 |
| പത്തനതിട്ട | 9946668628, 9747592115 |
| തിരുവനന്തപുരം | 9495628277, 9446184394 |
| തൃശ്ശൂർ | 9895307243, 8078480364 |
| വയനാട് | 9447537266, 9497650470, 9447545778 |